**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 463** **05-10-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസവായ്പാ തിരിച്ചടവ് സഹായ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാഭ്യാസവായ്പാ തിരിച്ചടവ് സഹായ പദ്ധതിയ്ക്കായി അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടികളും വിശദമാക്കാമോ; കാട്ടാക്കട നിയോജകമണ്ഡലത്തിൽ നിന്നും ലഭിച്ച അപേക്ഷകളുടെ കണക്ക് ബാങ്കുകൾ തിരിച്ച് വ്യക്തമാക്കാമോ? | (എ) | 16/05/2017 ലെ സ.ഉ (അച്ചടി) നം.65/2017/ധന ഉത്തരവ് പ്രകാരമാണ് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നിലവിൽ വന്നത്. ഈ പദ്ധതിയിലേയ്ക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2018 ജനുവരി 31 ആയിരുന്നു. വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം 9 ലക്ഷം രൂപ വരെയുള്ള വിദ്യാഭ്യാസ വായ്പാ അക്കൗണ്ടുകളെ എൻ.പി.എ അക്കൗണ്ടുകളെന്നും സ്റ്റാൻഡേർഡ് അക്കൗണ്ടുകളെന്നും (എൻ.പി.എ ആകാത്തവ) രണ്ടായി തിരിച്ചാണ് പദ്ധതി സഹായം നൽകി വരുന്നത്. എൻ.പി.എ ആയ അക്കൗണ്ടുകളെ സംബന്ധിച്ച് അവ 2016 മാർച്ച് 31 നോ അതിനു മുൻപോ എൻ.പി.എ ആയിരിക്കണമെന്നും സ്റ്റാൻഡേർഡ് അക്കൗണ്ടുകളെ സംബന്ധിച്ച് അവയുടെ തിരിച്ചടവ് തുടങ്ങുന്ന തീയതി 2012 ഏപ്രിൽ 1 നും 2016 മാർച്ച് 31 നും ഇടയിലായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പദ്ധതി മാനദണ്ഡപ്രകാരം നഴ്സിംഗ് കോഴ്സുകൾക്ക് മെരിറ്റ്/മാനേജ്മെന്റ് വ്യത്യാസമില്ലാതെ തന്നെ സഹായം നൽകുന്നുണ്ട്. എന്നാൽ, നഴ്സിംഗ് ഇതര കോഴ്സുകളിൽ മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ചവർക്കു മാത്രമേ പദ്ധതി സഹായം ലഭ്യമാക്കാൻ കഴിയൂ. കൂടാതെ, നഴ്സിംഗ് ഇതര കോഴ്സുകളിലെ ഫീസ് സർക്കാർ/ എയ്ഡഡ് സ്ഥാപനങ്ങളിലെയോ, LBS, CAPE, IHRD, CCEK, SCT, Universities in Kerala തുടങ്ങി സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ നടത്തുന്ന സ്വാശ്രയ കോളേജുകളിലെയോ മെറിറ്റ്/ഫ്രീ ഷിപ്പ് സീറ്റുകളിലെ ഫീസ് നിരക്കിന് അനുസരിച്ചായിരിക്കുകയും വേണം. വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി ബാങ്ക് തിരിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | ആയതിനാൽ നിയോജകമണ്ഡലം അടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ